**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6264** **07.11.2016 ൽ മറുപടിയ്ക്ക്**

## വാഹന പുകപരിശോധന

| | ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | നിലവിലുള്ള വാഹന പുകപരിശോധന സംവിധാനത്തിലെ പിഴവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഉപഭോക്താവിന്റെ ആവശ്യപ്രകാരം പരിശോധന നടത്താതെ അനുയോജ്യമായ രീതിയിൽ പുക പരിശോധനാ സർട്ടിഫിക്കറ്റ് നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ? | | നിലവിൽ ഓരോ വാഹന പുക പരിശോധനാ കേന്ദ്രങ്ങളും അവരവരുടെ മെഷീനുകളിൽ പരിശോധന നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതിനാലാണ് ഉപഭോക്താവിന്റെ ആവശ്യപ്രകാരം പരിശോധന നടത്താതെ അനുയോജ്യമായ രീതിയിൽ പുക പരിശോധനാ സർട്ടിഫിക്കറ്റ് നൽകുന്ന പ്രവണതകൾ വർദ്ധിച്ചുവരുന്നത്. ഇത് നിയന്ത്രിക്കുന്നതിനായി കംപ്യൂട്ടർവൽകൃത ടെസ്റ്റിങ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ മോട്ടോർ വാഹന വകുപ്പിന്റെ പൂർണ്ണനിയന്ത്രണത്തിലുള്ള ഒരു സെർവർ സ്ഥാപിച്ച് കേരളത്തിലെ എല്ലാ പുക പരിശോധനാ കേന്ദ്രങ്ങളെയും ഈ സെർവറുമായി ബന്ധിപ്പിച്ച് വാഹന പുകപരിശോധന സമയത്ത് വാഹന പുകപരിശോധനാകേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന ഡേറ്റകൾ ഈ സെർവറിൽ എത്തി |

| | | | |
|---|---|---|---|
| | | | വിശകലനം ചെയ്ത് വാഹനങ്ങൾ ജയിച്ച /തോറ്റ സർട്ടിഫിക്കറ്റ് നൽകാൻ കഴിയും. വാഹന പുക പരിശോധന കേന്ദ്രങ്ങളുടെ ജോലി വാഹന പരിശോധന മാത്രമായിരിക്കും. ഡേറ്റ വിശകലനം ചെയ്ത് സർട്ടിഫിക്കറ്റ് നൽകുന്നത് മോട്ടോർ വാഹന വകുപ്പിന്റെ നിയന്ത്രണത്തിലായിരിക്കും. ഇപ്രകാരം വാഹന പുക പരിശോധനാ കേന്ദ്രങ്ങൾ വെബ് അധിഷ്ഠിതമാക്കുന്നതിനുള്ള തീരുമാനം സർക്കാർ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**